"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - പൊന്നാനി നഗരസഭയിലെ ക്രമക്കേടുകൾ സംബന്ധിച്ച വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മിന്നൽ പരിശോധന റിപ്പോർട്ട്- സെക്ഷൻ ക്ലാർക്ക് ശ്രീ.ഷൈൻമോൻ.കെ.-യ്ക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.844/2023/LSGD തീയതി,തിരുവനന്തപുരം, 10-04-2023

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 24.10.2016 തീയതിയിലെ ഇ26(എസ്.സി. 15/16/എം.പി.എം.) 10836/16/യു.എ.) നമ്പർ കത്ത്.
2. 05.03.2019- തീയതിയിലെ ഇയു2-66/2019-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ /പത്രിക.
3. 14.08.2019 തീയതിയിലെ സ.ഉ(സാധാ) നം. 1766/2019/തസ്വഭവ.
4. പൊന്നാനി നഗരസഭ സൂപ്രണ്ടിന്റെ അന്വേഷണറിപ്പോർട്ട്.
5. നഗരകാര്യ ഡയറക്ടറുടെ 23.11.2020 തീയതിയിലെ വി2-6114/19 നമ്പർ കത്ത്.

**ഉത്തരവ്**

പൊന്നാനി നഗരസഭയിൽ 24/06/2016-ൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ പ്രോജക്ട് നം.181/14-15 ൽ ഓട നിർമ്മാണവുമായി ബന്ധപ്പെട്ട ഫയലും മെഷർമെന്റ് ബുക്കും കാണാതായതായി കണ്ടെത്തിയതിനെ തുടർന്ന് ആയതിന് ഉത്തരവാദിയായ സെക്ഷൻ ക്ലാർക്ക് ശ്രീ.ഷൈൻമോൻ.കെ.-യ്ക്കെതിരെ നടപടി സ്വീകരിക്കുന്നതിന് പരാമർശം (1) പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നതനുസരിച്ച് ടിയാനെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം കുറ്റാരോപണമെമ്മോ/പത്രിക നൽകിയിരുന്നു.

2. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. ഷൈൻമോൻ കെ സമർപ്പിച്ച മറുപടിയിൽ, വിജിലൻസ് സർപ്രൈസ് ചെക്കിംഗിന് വന്ന സമയത്താണ് പ്രോജക്ട് നം.181/14-15 നമ്പർ ഫയലും എം ബുക്കും പരിശോധനയ്ക്ക് ആവശ്യപ്പെട്ടതെന്നും ടിയാൻ ടി സെക്ഷനിൽ വരുന്നതിനു മുൻപു തന്നെ നടപടി പൂർത്തിയാക്കിയ ഫയലായിരുന്നതിനാൽ പരിശോധനയ്ക്ക് ആവശ്യപ്പെട്ട സമയത്ത് പ്രസ്തുത ഫയൽ തിരഞ്ഞെങ്കിലും യഥാസമയം ഫയൽ കണ്ടെത്താൻ ടിയാനു കഴിഞ്ഞിരുന്നില്ലയെന്നും മറുപടിയിൽ ബോധിപ്പിച്ചിരുന്നു. ഫയലുകൾ ചിട്ടയായി സൂക്ഷിക്കുന്നതിനുള്ള സ്ഥല സൗകര്യം ഓഫീസിൽ ഇല്ലായിരുന്നത് കൊണ്ടാണ് ഫയൽ പെട്ടെന്ന് കണ്ടുപിടിക്കാൻ കഴിയാതെ പോയതെന്നും, തുടർച്ചയായ തിരച്ചിലിനൊടുവിൽ

വിജിലൻസ് ആവശ്യപ്പെട്ടിരുന്ന ഫയൽ കണ്ടെത്തുകയും ആയത് 3 ദിവസത്തിനകം വിജിലൻസ് ഓഫീസിൽ നേരിട്ട് ഹാജരാക്കുകയും ചെയ്തിരുന്നുവെന്നും മറുപടിയിൽ ബോധിപ്പിച്ചിരുന്നു. ആയതിനാൽ മേൽ വസ്തുതകൾ കണക്കിലെടുത്ത് ശിക്ഷാനടപടികൾ ഒഴിവാക്കണമെന്ന് അപേക്ഷിക്കുകയുണ്ടായി.

3. ശ്രീ. ഷൈൻമോൻ കെ-യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കുകയും ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പൊന്നാനി നഗരസഭയിലെ സൂപ്രണ്ടിനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

4. ഇക്കാര്യത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ പരാമർശം (4) അന്വേഷണ റിപ്പോർട്ട് പ്രകാരം ശ്രീ. ഷൈൻമോൻ കെ-യ്ക്കെതിരായ ആരോപണം സംബന്ധിച്ച് വിശദമായി അന്വേഷിച്ചതിൽ ടിയാൻ നിരപരാധിയാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ടിയാനെ അച്ചടക്കനടപടിയിൽ നിന്ന് ഒഴിവാക്കുന്നതിന് ശുപാർശ ചെയ്തിരുന്നു.

5. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം (5) റിപ്പോർട്ട് പ്രകാരം വിജിലൻസ് സർപ്രൈസ് ചെക്കിംഗിന് വന്ന സമയത്താണ് പ്രോജക്ട് നം.181/14-15 നമ്പർ ഫയലും എം ബുക്കും പരിശോധനയ്ക്ക് ആവശ്യപ്പെട്ടതെന്നും ടിയാൻ ടി സെക്ഷനിൽ വരുന്നതിനു മുൻപു തന്നെ നടപടി പൂർത്തിയാക്കിയ ഫയലായിരുന്നതിനാൽ പരിശോധനയ്ക്ക് ആവശ്യപ്പെട്ട സമയത്ത് പ്രസ്തുത ഫയൽ തിരഞ്ഞെങ്കിലും യഥാസമയം ഫയൽ കണ്ടെത്താൻ ടിയാനു കഴിഞ്ഞിരുന്നില്ലയെന്നും മറുപടിയിൽ ബോധിപ്പിച്ചിട്ടുണ്ട് എന്നും, ഫയലുകൾ ചിട്ടയായി സൂക്ഷിക്കുന്നതിനുള്ള സ്ഥല സൗകര്യം ഓഫീസിൽ ഇല്ലായിരുന്നത് കൊണ്ടാണ് ഫയൽ പെട്ടെന്ന് കണ്ടുപിടിക്കാൻ കഴിയാതെ പോയതെന്നും, തുടർച്ചയായ തിരച്ചിലിനൊടുവിൽ വിജിലൻസ് ആവശ്യപ്പെട്ടിരുന്ന ഫയൽ കണ്ടെത്തുകയും ആയത് 3 ദിവസത്തിനകം ശ്രീ.ഷൈൻമോൻ കെ. വിജിലൻസ് ഓഫീസിൽ നേരിട്ട് ഹാജരാക്കുകയും ചെയ്തിരുന്നുവെന്നും കൂടാതെ സർവ്വീസിൽ 10 വർഷം പൂർത്തീകരിച്ച ടിയാനെതിരെ ഇതിനിടയിൽ യാതൊരുവിധ അച്ചടക്കനടപടിയും നേരിട്ടിട്ടില്ലാത്തതിനാലും ടിയാൻ നിരപരാധിയാണെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട് .

6. മേൽ സാഹചര്യത്തിൽ ടിയാൻ ഫയൽ യഥാസമയം സമർപ്പിക്കുന്നതിൽ മന:പൂർവ്വം കാലതാമസം വരുത്തിയതായി വിലയിരുത്താനാവില്ലായെന്നും എന്നാൽ ടിയാൻ 31/08/2016 ൽ പ്രസ്തുത സെക്ഷനിൽ ചാർജ്ജെടുത്തപ്പോൾ മുൻഗാമിയിൽ നിന്നും ചട്ടപ്പടി ഫയലുകൾ ലിസ്റ്റ് ഔട്ട് ചെയ്ത് ചാർജ്ജ് ഹാൻഡ് ഓവർ ചെയ്ത് വാങ്ങാത്തതു മൂലമാണ് ടി ഫയൽ യഥാസമയം കണ്ടെത്താൻ സാധിക്കാതിരുന്നതെന്നു കാണുന്നു. ആയത് ടിയാന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. മന:പൂർവ്വമല്ലാതെ സംഭവിച്ച ടി വീഴ്ച അനുഭാവപൂർവ്വം പരിഗണിച്ച് ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

7. സർക്കാർ ഇക്കാര്യം, വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണ മെമ്മോ-യ്ക്ക് ശ്രീ. ഷൈൻമോൻ കെ സമർപ്പിച്ച മറുപടി, ഇക്കാര്യത്തിലുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ട്, നഗരകാര്യഡയറക്ടറുടെ ശുപാർശ എന്നിവപ്രകാരം വിശദമായി പരിശോധിച്ചതിൽ, പൊന്നാനി നഗരസഭയിലെ പ്രോജക്ട് നം.181/14-15 നമ്പർ ഫയലും എം ബുക്കും വിജിലൻസ് വിഭാഗം പരിശോധനയ്ക്ക് ആവശ്യപ്പെട്ടപ്പോൾ, ക്ലർക്കായ ശ്രീ. ഷൈൻമോൻ കെ യ്ക്ക് ഹാജരാക്കാൻ കഴിഞ്ഞില്ലായെന്നതാണ് ടിയാനെതിരായ ആരോപണം. എന്നാൽ ടിയാൻ ടി സെക്ഷനിൽ വരുന്നതിനു മുൻപു തന്നെ നടപടി പൂർത്തിയാക്കിയ ഫയലായിരുന്നതിനാലും ഫയലുകൾ ചിട്ടയായി സൂക്ഷിക്കുന്നതിനുള്ള സ്ഥല സൗകര്യം ഓഫീസിൽ ഇല്ലായിരുന്നതും ഫയൽ

പെട്ടെന്ന് കണ്ടുപിടിക്കുന്നതിന് താമസം വരുത്തിയെന്നുള്ള മറുപടി അംഗീകരിക്കാവുന്നതാണെന്ന് കാണുന്നു. കൂടാതെ തുടർച്ചയായ തിരച്ചിലിനൊടുവിൽ വിജിലൻസ് ആവശ്യപ്പെട്ടിരുന്ന ഫയൽ കണ്ടെത്തി 3 ദിവസത്തിനകം വിജിലൻസ് ഓഫീസിൽ നേരിട്ട് ഹാജരാക്കിയിട്ടുള്ളതുമാണ്. ആയതിനാൽ നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നതനുസരിച്ച് ശ്രീ. ഷൈൻമോൻ കെ-യുടെ ഭാഗത്ത് നിന്നും ആരോപണവിഷയത്തിൽ മന:പൂർവ്വമല്ലാതെയുള്ള വീഴ്ചയാണ് ഉണ്ടായിട്ടുള്ളതെന്ന് കാണുന്നു.

8. മേൽ സാഹചര്യത്തിൽ, പൊന്നാനി നഗരസഭയിൽ 24/06/2016-ൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ സെക്ഷൻ ക്ലാർക്ക് ശ്രീ.ഷൈൻമോൻ കെ-യ്ക്കെതിരെ ആരംഭിച്ച അച്ചടക്കനടപടിയിൽ തുടർനടപടി ഒഴിവാക്കി അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം.
ശ്രീ.ഷൈൻമോൻ.കെ, സെക്ഷൻ ക്ലാർക്ക് പൊന്നാനി നഗരസഭ ( തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 10-04-2023 12:52:55
സെക്ഷൻ ഓഫീസർ